Coverage Report: TCS IT Wiz – pre and Post-event Kochi

**Publication**: Siraj
**Edition**: Kochi
**Date**: 15.10.2014
**Page**: 4
**Headline**: TCS Quiz:  Loyola School Thiruvananthapuram wins



*ടാറ്റാ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ വിജയികളായ തിരുവനന്തപുരം ലയോള സ്കൂളിലെ അദിത് ചന്ദ്ര, വിഘ്നേഷ് കൃഷ്ണൻ എന്നിവർ ഐടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യനിൽ നിന്നും ട്രോഫി സ്വീകരിക്കുന്നു.*

# ടിസിഎസ് ഐടി വിസ് ക്വിസ്: തിരുവനന്തപുരം ലയോള സ്കൂൾ വിജയികൾ

കൊച്ചി: ടാറ്റാ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള സ്കൂളിലെ അദിത് ചന്ദ്ര, വിഘ്നേഷ് കൃഷ്ണൻ സഖ്യം വിജയികളായി. പൈങ്ങോട്ടൂർ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിലെ ബ്രിട്ടോ സാബു-കെവിൻ ജോർജ് സഖ്യത്തിനാണ് രണ്ടാം സ്ഥാനം. ദേശീയ തലത്തിൽ നടക്കുന്ന ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള കേരളത്തെ പ്രതിനിധീകരിക്കും.

ഇന്ത്യയിലെ ഏറ്റവും വലിയ ഇന്റർ സ്കൂൾ ഐടി ക്വിസ് മത്സരമാണ് ടിസിഎസ് ഐടി വിസ്. കൊച്ചി കലൂർ ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ നടന്ന കൊച്ചി എഡിഷൻ ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ വിവിധ സ്കൂളുകളിൽ നിന്നായി 1300-ൽ അധികം കുട്ടികൾ മത്സരിക്കാനായെത്തിയിരുന്നു. വിജയികൾക്ക് പുറമെ കാക്കനാട് ഭവൻസ് ആദർശ വിദ്യാലയയിലെ കാർത്തിക് ഗണപതി, വാസുദേവ് ചക്രവർത്തി, കോഴിക്കോട് ഭാരതീയ വിദ്യാഭവനിലെ അലോക് റിയോൺ, അമൃത് ചന്ദ്, തൃശൂർ ഭവൻസ് വിദ്യാമന്ദിറിലെ അഖിലേഷ് ബാലകൃഷ്ണൻ, സമീർ ജെ., തൃശൂർ ഹരിശ്രീ വിദ്യാനിധിയിലെ ഹരിശങ്കർ പ്രദീപ്, ശ്യാം പിഷാരടി, എന്നിവരാണ് ഫൈനലിലെത്തിയ ടീമുകൾ.

ക്വിസിലെ ഒന്നാം സ്ഥാനക്കാർക്ക് ഐപാഡ് എയറും രണ്ടാം സ്ഥാനക്കാർക്ക് ഐപാഡ് മിനിയും സമ്മാനമായി ലഭിച്ചു. കൂടാതെ ട്രോഫികളും മെഡലുകളും നൽകി. വിജയികൾക്ക് ഐടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പിഎച്ച്. കുര്യനും ടിസിഎസ് വൈസ് പ്രസിഡന്റ് സുധീർ വാര്യരും ചേർന്ന് സമ്മാനങ്ങൾ വിതരണം ചെയ്തു.

**Publication**: Siraj
**Edition**: Kochi
**Date:** 30.9.2014
**Page**: 08
**Headline:** TCS IT Wiz 2014 contest on October 14th

# ടിസിഎസ് ഐടി വിസ് 2014 മത്സരങ്ങൾ ഒക്ടോബർ 14-ന്

**കൊച്ചി:** പ്രമുഖ ഐടി സർവീസസ്, കൺസൾട്ടിംഗ്, ബിസിനസ് സൊല്യൂഷൻസ് സ്ഥാപനമായ ടാറ്റ കൺസൾട്ടൻസി സർവീസസ് (ടിസിഎസ്) സംഘടിപ്പിക്കുന്ന ടിസിഎസ് ഐടി വിസ് ക്വിസ് മത്സരം ഒക്ടോബർ 14-ന് കലൂർ ഗോകുലം പാർക്ക് ഹോട്ടൽ ആൻഡ് കൺവൻഷൻ സെന്ററിൽ നടക്കും. 1999-ൽ ആരംഭിച്ച ടിസിഎസ് ഐടി വിസ് ഇന്ത്യയിലെ ഏറ്റവും വലിയ ഇന്റർ-സ്ക്കൂൾ ഐടി ക്വിസ് മത്സരമാണ്.

എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിൽ, (പ്രീ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ ഉൾപ്പെടെ) പഠിക്കുന്നവർക്ക് പങ്കെടുക്കാം. എൻട്രി ഫീ ഇല്ല. രണ്ട് അംഗങ്ങൾ അടങ്ങിയതാണ് ഒരു ടീം. ഒരു സ്ഥാപനത്തിൽ നിന്ന് പത്തു ടീമുകൾക്കുവരെ പങ്കെടുക്കാം. ഒക്ടോബർ പതിനൊന്നിനു മുമ്പായി കെ.എസ്. ധന്യ, ഐടി വിസ് കോർഡിനേറ്റർ, ഹ്യൂമൻ റിസോഴ്സസ്, ടാറ്റ കൺസൾട്ടൻസി സർവീസസ്, തേജോമയ, എൽ&ടി ടെക് പാർക്ക് ലിമിറ്റഡ്, ഇൻഫോപാർക്ക്, കുസുമഗിരി പോസ്റ്റ്, കാക്കനാട്, കൊച്ചി എന്ന വിലാസത്തിൽ പേരു നല്കണം. ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന്: www.tcsitwiz.com. ടിറ്റർ: @TCSITWiz. കൂടുതൽ വിവരങ്ങൾ 09847895551 എന്ന മൊബൈൽ നമ്പരിൽനിന്നു ലഭിക്കും.